**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1918** **13-02-2025 - ൽ മറുപടിയ്ക്ക്**

**കന്നുകാലികൾ മരണപ്പെട്ടാൽ കർഷകർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്ന കർഷകരുടെ കന്നുകാലികൾ രോഗം ബാധിച്ച് മരണപ്പെട്ടാൽ കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും നഷ്ടപരിഹാരതുക എത്രയെന്നും വ്യക്തമാക്കാമോ ; | (എ) | മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ദുരന്തനിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിജൻസി ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്ക്കരിച്ചുകൊണ്ട് 28-09-2024 ൽ സ.ഉ.(സാധാ) നം.535/2024/AHD ഉത്തരവായിട്ടുണ്ട്. ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമാണ് കർഷകർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നത്.<br><br>1. ഇൻഷ്വറൻസ് തുകയോ, ജില്ലാ കളക്ടറുടെ ധനസഹായമോ ലഭിക്കാത്ത ദുരിത ബാധിതരായ എല്ലാ കർഷകർക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.<br><br>2. അത്യാഹിതം ഉണ്ടായി 3 മാസത്തിനകം അപേക്ഷ നൽകിയിരിക്കണം.<br><br>3. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ, ആന്ത്രാക്സ്, ബ്രൂസല്ലോസിസ്, ക്ലാസിക്കൽ സ്വൈൻ ഫീവർ, പേവിഷബാധ, പക്ഷിപ്പനി, പി.പി.ആർ എന്നീ രോഗങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും, വന്യമൃഗങ്ങളുടെ ആക്രമണം, തെരുവ്നായ ആക്രമണം, ഇടിമിന്നൽ, മുങ്ങിമരണം, വൈദ്യുതാഘാതം, സൂര്യാഘാതം, പാമ്പ്കടി, വിഷബാധ, അപകടം തുടങ്ങിയ അത്യാഹിതങ്ങൾ എന്നിവയ്ക്കും, താറാവിന് ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതിനാൽ Duck Pasteurellosis, Duck Plague എന്നീ രോഗങ്ങൾ മൂലം മരണമടയുന്ന താറാവുകൾക്കും (വാക്സിനേഷൻ കൃത്യമായി ചെയ്തിട്ടും, യഥാസമയം ചികിത്സകൾ നൽകിയിട്ടും, ടി രോഗങ്ങൾ നിയന്ത്രണ വിധേയമായില്ല എന്നുള്ള Regional Disease Diagnostic Lab/ State Institute for Animal Diseases എന്നീ സ്ഥാപനങ്ങളിലെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ) ഈ |

| | | | |
|---|---|---|---|
| | | | ഫണ്ടിൽ നിന്നും നഷ്ടപരിഹാരത്തിന് അർഹത ഉണ്ടായിരിക്കും.<br><br>4. സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ നിശ്ചിത അപേക്ഷ ഫോറത്തിൽ അനുബന്ധ രേഖകളോടൊപ്പം അതാത് പ്രദേശത്തെ സർക്കാർ മൃഗാശുപത്രിയിൽ കർഷകർ സമർപ്പിക്കേണ്ടതാണ്.<br><br>5. സാമ്പത്തിക സഹായത്തിനുള്ള നിശ്ചിത അപേക്ഷ വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തി, വെറ്ററിനറി ഡോക്ടറുടെ വിലനിർണ്ണയ സർട്ടിഫിക്കറ്റ്, പോസ്റ്റമോർട്ടം റിപ്പോർട്ട്, ഉരുവിന്റെ ദുരന്ത സ്ഥലത്തുവെച്ചെടുത്ത ഫോട്ടോ എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി സർജൻ ജില്ലാ മൃഗസംരക്ഷണ ആഫീസർക്ക് സമർപ്പിക്കണം.<br><br>6. നഷ്ടപരിഹാര അപേക്ഷയോടൊപ്പം സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന വെറ്ററിനറി ഡോക്ടർ നൽകുന്ന പോസ്റ്റമോർട്ടം റിപ്പോർട്ട് നിർബന്ധമാണ്. പോസ്റ്റമോർട്ടം ചെയ്ത വെറ്ററിനറി സർജന്റെ പേര്, ഔദ്യോഗിക മുദ്ര, രജിസ്റ്റർ നമ്പർ എന്നിവ റിപ്പോർട്ടിൽ രേഖപ്പെടുത്തണം. കൂടാതെ ആന്ത്രാക്സ്, റാബീസ്, ലംപിസ്കിൻ എന്നീ രോഗങ്ങളുടെ കാര്യത്തിൽ പോസ്റ്റമോർട്ടം നടത്താത്ത പക്ഷം റിപ്പോർട്ടിൽ മരണകാരണം വ്യക്തമാക്കിയിരിക്കണം.<br><br>7. ഇൻഷ്വറൻസ് ലഭിച്ചിട്ടില്ല എന്നതിന് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ജില്ലാ കളക്ടറുടെ ധനസഹായം ലഭിച്ചിട്ടില്ല എന്നതിന് കർഷകന്റെ സത്യവാങ്മൂലം എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.<br><br>8. ജില്ലാതലത്തിലുള്ള അപേക്ഷകൾ അതാത് ജില്ലാ മൃഗസംരക്ഷ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർമാർ (എ.എച്ച്) അദ്ധ്യക്ഷനായ സമിതി പരിശോധിക്കേണ്ടതും അർഹരായവരെ കണ്ടെത്തി നഷ്ടപരിഹാരം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.<br><br>നഷ്ടപരിഹാരതുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കന്നുകാലികളെ ഇൻഷ്വർ ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് 2016-17 സാമ്പത്തികവർഷം മുതൽ 60% കേന്ദ്ര സർക്കാർ ധനസഹായത്തോടെയും 40% സംസ്ഥാന സർക്കാർ ധനസഹായത്തോടെയും ചേർത്തുള്ള എൻ.എൽ.എം കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ |

| | | | |
|---|---|---|---|
| | | | 100% സംസ്ഥാന സർക്കാർ ധനസഹായത്തോടെ ഗോസമൃദ്ധി സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. 65,000 രൂപ വരെ മതിപ്പവിലയുള്ള പശുക്കൾക്ക് പ്രീമിയം തുകയിൽ ജനറൽ വിഭാഗത്തിന് 50% സബ്സിഡിയും SC/ST വിഭാഗത്തിൽ വരുന്ന കർഷകർക്ക് 70% സബ്സിഡിയും നൽകുന്നു.<br><br>ഉരുക്കളുടെ മരണം (death), പാലുല്പാദന ക്ഷമതയിലും പ്രത്യുല്പാദന ക്ഷമതയിലുമുണ്ടാകുന്ന നഷ്ടം (PTD), എന്നിവക്കുള്ള പരിരക്ഷയാണ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. ഇൻഷ്വറൻസ് പദ്ധതിക്ക് 1 വർഷം, 3 വർഷം എന്നിങ്ങനെ രണ്ട് പരിരക്ഷാ കാലയളവുകളാണ് ഉള്ളത്. ഏഴ് ലിറ്ററോ അതിൽ കൂടുതലോ പാലുതരുന്ന, 2 മുതൽ 10 വയസ്സ് വരെ പ്രായമുള്ള പശുക്കൾക്കും എരുമകൾക്കുമായാണ് ഇൻഷ്വറൻസ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മൂന്നാമത്തെ ട്രൈമസ്റ്റർ ഗർഭാവസ്ഥ അഥവാ 7 മാസത്തിനു മുകളിൽ ചെനയുള്ള കിടാരികൾക്കും ഈ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.<br><br>നടപ്പ് സാമ്പത്തിക വർഷം 65,000 രൂപ വരെ മതിപ്പവിലയുള്ള പശുക്കൾക്ക് ഒരു വർഷ പദ്ധതിയിൽ 4.48%, മൂന്ന് വർഷ പദ്ധതിയിൽ 10.98% പ്രീമിയം നിരക്കിൽ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയാണ് കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത വർഷം കുറഞ്ഞത് 40565 ഉരുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുവാൻ സാധിക്കും. |
| (സി) | സ്ഥലസൗകര്യം കുറവുള്ള ക്ഷീരകർഷകരുടെ കന്നുകാലികൾ മരണപ്പെടുമ്പോൾ മറവുചെയ്യാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | നിലവിൽ മൃഗസംരക്ഷണ വകുപ്പ് കർകഷർക്ക് അത്തരം സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല. |
| (ഡി) | ക്ഷീരകർഷകരുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഇതിനായി പൊതു ശ്മശാനത്തിൽ സ്ഥലം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**നഷ്ടപരിഹാരതുക നിരക്കുകൾ സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നം | മൃഗങ്ങളുടെ ഇനം | പരമാവധി | പുതുക്കിയ നിരക്ക് (രൂപയിൽ ഒന്നിന്) |
|---|---|---|---|
| 1 | **കറവയുള്ളവ** | | |
| | a) പശു/എരുമ | 3 x പശു/എരുമ | 37,500/- |
| | b) ആട്/ചെമ്മരിയാട് | 30 x ആട്/ചെമ്മരിയാട് | 4,000/- |
| | **കറവയില്ലാത്തവ** | | |
| | a) കാളക്കുട്ടി/പോത്ത് കുട്ടി (ഒരു വർഷം വരെ പ്രായമുള്ളവ) | 6 x കാളക്കുട്ടി/പോത്ത് കുട്ടി | 10,000/- |
| | b) കാളക്കുട്ടി/പോത്ത് കുട്ടി (1 വയസ്സ് മുതൽ 3 വയസ്സ് വരെ) | 6 x കാളക്കുട്ടി/പോത്ത് കുട്ടി | 20,000/- |
| 2 | c) കാള/പോത്ത് (മൂന്ന് വയസ്സിന് മുകളിൽ) | 3 x കാള/പോത്ത് | 32,000/- |
| | d) പശുക്കിടാവ്/എരുമക്കിടാവ് (ഒരു വർഷം വരെ പ്രായമുള്ളവ) | 6 x പശുക്കിടാവ്/എരുമക്കിടാവ് | 10,000/- |
| | e) കിടാരി (ഒരു വർഷത്തിന് മുകളിൽ പ്രായമുള്ളവ മുതൽ പ്രസവിക്കുന്നത് വരെ) | 6 x കിടാരി | 20,000/- |
| | f) പശു/എരുമ | 3 x പശു/എരുമ | 32,000/- |
| 3 | കോഴി/താറാവ് | പരാവധി 1,00,000/- രൂപ വരെ | 100/- |
| 4 | പന്നി | 30 x പന്നി | 4000/- |

കൂടാതെ ആഫ്രിക്കൻ സൈ്വൻ ഫീവർ രോഗ സ്ഥിരീകരണത്തിനായി സാമ്പിൾ അയച്ചതിനുശേഷം എന്നാൽ രോഗ സ്ഥിരീകരണത്തിന് മുൻപ് പന്നികൾ നഷ്ടപ്പെട്ട പന്നി കർഷകർക്കുള്ള നഷ്ടപരിഹാര തുക താഴെപറയും പ്രകാരം അനുവദിക്കാവുന്നതാണ്.

**നഷ്ടപരിഹാര തുക നിരക്കുകൾ**

| ക്രമ നം | പേര് | പ്രായം | നിരക്ക് (ഒന്നിന്) (രൂപയിൽ) |
|---|---|---|---|
| 1 | പിഗ് ലറ്റ്സ് & വീനേർസ് | 2 മാസത്തിന് താഴെയുള്ളവ | 1,500/- |
| 2 | ഗ്രോവേർസ് | 2 മുതൽ 6 മാസം വരെയുള്ളവ | 5,000/- |
| 3 | മച്വർ അഡൽറ്റ്സ് | 6 മാസത്തിന് മുകളിലുള്ളവ | 10,000/- |